# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2074 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വ്യാപാരികൾ നികുതി വെട്ടിക്കുന്നത് തടയാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം വാറ്റ്-ൽ നിന്നും വ്യത്യസ്തമായി ഏതെല്ലാം മേഖലകളിൽ നിന്നുമാണ് സംസ്ഥാനത്ത് പുതുതായി നികുതി വരുമാനം ലഭിക്കുന്നത്; | (എ) | സേവനങ്ങൾക്കുമേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകും. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും സ്വന്തം ആവശ്യത്തിലേക്ക് വ്യക്തികൾ കൊണ്ടുവരുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും സംസ്ഥാനത്തിന് ലഭിക്കും. |
| (ബി) | വ്യാപാരികൾ നികുതി വെട്ടിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവഹണ സമ്പ്രദായമാണ് ജി. എസ്. ടി. ആയതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി. എസ്. ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള ബോധവത്കരണപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. ഇന്റലിജൻസ് വിങ്ങിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മുൻപ് നടപ്പിലാക്കിയ ലക്കിവാറ്റ് പോലുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**